ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിൽ അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ പണികൾ പൂർത്തീകരിച്ച് ജനുവരി 19-ന് ഉദ്ഘാടനംചെയ്തു. കോഴിക്കോട്, തിരുവല്ല, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ) എന്നിവിടങ്ങളിൽ പണി ആരംഭിച്ച് പുരോഗതിയിലാണ്.

(ബി) തിരുവനന്തപുരം സെൻട്രൽ ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനം 2012-ജൂണിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ പ്രോജക്ടുകൾ കെ.എസ്.ആർ.ടി.സി.-യിൽ തയ്യാറാക്കുന്നതിനും അതിനുള്ള കണക്കുകൾ ശരിയാക്കുന്നതിനും പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ മൊത്തത്തിലുള്ള സർവ്വേ, മണ്ണ് പരിശോധന, ആർക്കിടെക്ടിനെ നിശ്ചയിക്കൽ പ്രോജക്ടിന്റെ പ്രാഥമിക രൂപകൽപ്പന, കൂടുതൽ ചർച്ചകൾക്കുശേഷമുള്ള അന്തിമ രൂപകൽപ്പന വിവിധ വകുപ്പുകളിൽനിന്നുള്ള അംഗീകാരംതേടൽ, ദർഘാസ് വിളിക്കൽ തുടങ്ങി വിവിധ നടപടികൾ ഇത്തരം കാര്യങ്ങൾ നടപ്പാക്കുമ്പോൾ ചെയ്യേണ്ടതുണ്ട്. വളരെ പരിമിതമായ സൗകര്യങ്ങളിൽനിന്നാണ് ഇപ്പോഴുള്ള പ്രോജക്ടുകൾതന്നെ നടപ്പാക്കിവരുന്നത്. കൂടുതൽ സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ച് പ്രവൃത്തികൾ ത്വരിതപ്പെടുത്താനുള്ള തീരുമാനം പരിഗണനയിലാണ്.

(ഡി) ഈഞ്ചക്കലിൽ ഒരു ഇന്റർ സ്റ്റേറ്റ് ബസ്സ് ടെർമിനൽ നിർമ്മിക്കുവാൻ അംഗീകാരം നൽകിക്കഴിഞ്ഞു. കൂടാതെ പാലക്കാട്, നെടുമങ്ങാട്, തൊടുപുഴ, പയ്യന്നൂർ എന്നിവിടങ്ങളിൽ നിർമ്മാണത്തിനായി രൂപരേഖ തയ്യാറാക്കി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

ഈഞ്ചക്കലിൽ നിർമ്മിക്കുന്ന ബസ് ടെർമിനൽ

179 (629) ശ്രീ. എൻ. ശക്തൻ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഈഞ്ചക്കലിൽ നിർമ്മിക്കുന്ന നിർദ്ദിഷ്ട ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) ഇതിനാവശ്യമായ സ്ഥലം പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഇതിന്റെ ഒന്നാംഘട്ടത്തിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ ബസ് ടെർമിനലിൽനിന്നും ദീർഘദൂര സർവ്വീസുകളും അന്തർ സംസ്ഥാന സർവ്വീസുകളും എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പദ്ധതി സഹായത്തോടെയുള്ള B.O.T. പദ്ധതിയായി ഈഞ്ചക്കൽ ബസ് ടെർമിനൽ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരംനൽകി കഴിഞ്ഞു. ഇതിന്റെ രൂപരേഖ തയ്യാറാക്കി കെ.എസ്.ആർ.ടി.സി. ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലഭ്യമാക്കിയിട്ടുണ്ട്. 5.79 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് എടുത്തിട്ടുണ്ട്.

(സി) ഇതിന്റെ ഒന്നാംഘട്ടത്തിൽ ബേസ്മെന്റ് ഫ്ളോർ, ഗ്രൗണ്ട് ഫ്ളോർ എന്നിവയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച്, ബസ് ടെർമിനലിന്റെ പണി പൂർത്തിയായതിനുശേഷം സർവ്വീസ് ആരംഭിക്കുന്നതാണ്.

സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് സ്റ്റോപ്പുകൾ അനുവദിക്കുന്നതിന് നടപടി

180 (630) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-പാലക്കാട് ദേശീയ പാതയിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് തൃശ്ശൂർ ജില്ലയിൽ ഫെയർ സ്റ്റേജ് സ്റ്റോപ്പുകൾ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃശ്ശൂർ-പാലക്കാട് ദേശീയ പാതയിൽ പട്ടിക്കാട് സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് സ്റ്റോപ്പുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ട്രാൻസ്പോർട്ട് ഭവനിൽ ഒന്നിൽ കൂടുതൽ പദവികൾ വഹിക്കുന്ന ഉദ്യോഗസ്ഥർ

181 (631) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൻസ്പോർട്ട് ഭവനിൽ ഒന്നിൽ കൂടുതൽ പദവികൾ വഹിക്കുന്ന എത്ര ഉദ്യോഗസ്ഥരുണ്ട് ; അവരുടെ പേര് വിവരവും വഹിക്കുന്ന പദവികളും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെഎസ്ആർടിസി-യിൽ എത്രപേർക്ക് ഇത്തരത്തിൽ ഒന്നിലധികം പദവിയും അധികാരവും നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ കാലയളവ് സഹിതം വെളിപ്പെടുത്തുമോ ;

(സി) ഒരേ ഉദ്യോഗസ്ഥർ ഒന്നിലധികം പദവി വഹിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക നഷ്ടവും, ക്രമക്കേടിനുള്ള അവസരവും കാര്യശേഷിക്കുറവും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly